**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4373** **09-08-2021 - ൽ മറുപടിയ്ക്ക്**

**ഭവന നിർമ്മാണ ബോർഡിലെ കരാർ ജീവനക്കാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **Shri. K. Rajan**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ കരാർ അടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ച് വരുന്ന ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ കരാർ അടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ച് വരുന്ന ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇരുപത് വർഷത്തിലധികമായി കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ ഇരുപത് വർഷത്തിലധികമായി കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർ നിലവിലില്ല. |
| (സി) | കരാർ അടിസ്ഥാനത്തിൽ ജോലിചെയ്യുന്നവർക്ക് ഇ.എസ്.ഐ., പി.എഫ്. ആനുകൂല്യങ്ങൾ ലഭ്യമാണോ; ഇല്ലായെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ; | (സി) | സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് ഇ.എസ്.ഐ., പി.എഫ്. ആനുകൂല്യങ്ങൾ ലഭ്യമല്ല. സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ കൺസോളിഡേറ്റഡ് പേയിലാണ് നിശ്ചിത കാലയളവിലേയ്ക്ക് കരാർ വ്യവസ്ഥയിൽ നിയമനങ്ങൾ നടത്തുന്നത്. പ്രസ്തുത നിയമനങ്ങളുടെ കരാർ വ്യവസ്ഥയിൽ ഇ.എസ്.ഐ., പി.എഫ്. ആനുകൂല്യങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. |
| (ഡി) | കരാർ ജീവനക്കാർക്ക് കാലോചിതമായ ശമ്പള വർദ്ധനവ് ലഭ്യമാക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നിലവിൽ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ട്. സംസ്ഥാന സർക്കാർ ജീവനക്കാരുടെ 20/1/2016-ലെ 10-ാം ശമ്പള പരിഷ്കരണ ഉത്തരവിൽ വിവിധ വകുപ്പുകളിലെ കരാർ/ ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട താല്കാലിക ജീവനക്കാരുടെ പ്രതിഫലം വർദ്ധിപ്പിച്ച് ഉത്തരവായിരുന്നു. ഇതേ തുടർന്ന് 31/10/19-ലെ ബോർഡ് യോഗതീരുമാന പ്രകാരം 2019 നവംബർ മാസം മുതൽ ലാസ്റ്റ് ഗ്രേഡ് എംപ്ലോയീസ്, അസിസ്റ്റന്റ് ഗ്രേഡ് II, ടൈപ്പിസ്റ്റ് ഗ്രേഡ് II, ഡ്രൈവർ ഗ്രേഡ് II, സെക്യൂരിറ്റി ഗാർഡ് / വാച്ചർ, ലിഫ്റ്റ് ഓപ്പറേറ്റർ എന്നീ തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിതരായ |

| | | | |
|---|---|---|---|
| | | | കരാർ ജീവനക്കാർക്ക് ശമ്പള വർദ്ധനവ് നല്കിയിട്ടുണ്ട്. കൂടാതെ, സെക്യൂരിറ്റി ഗാർഡ് തസ്തികയിലെ കരാർ ജീവനക്കാർക്ക് 9/2/2021-ലെ ബോർഡ് യോഗ തീരുമാന പ്രകാരം പ്രതിമാസ വേതന നിരക്കിൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ക്രമ നം. | തസ്തിക | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | ചീഫ് എഞ്ചിനീയർ | 1 |
| 2 | ഫിനാൻസ് മാനേജർ | 1 |
| 3 | സീനിയർ കൺസൾട്ടന്റ് എഞ്ചിനീയർ (സിവിൽ) | 4 |
| 4 | സീനിയർ കൺസൾട്ടന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 1 |
| 5 | കൺസൾട്ടന്റ് എഞ്ചിനീയർ (സിവിൽ) | 33 |
| 6 | കൺസൾട്ടന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 7 |
| 7 | ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) | 5 |
| 8 | രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) | 11 |
| 9 | രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (ഇലക്ട്രിക്കൽ) | 5 |
| 10 | രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (ആർക്കിടെക്ട്) | 2 |
| 11 | അസിസ്റ്റന്റ് ഗ്രേഡ് II | 10 |
| 12 | ടൈപ്പിസ്റ്റ് ഗ്രേഡ് II | 6 |
| 13 | ഹാർഡ് വെയർ ട്രെയിനി | 1 |
| 14 | ലാസ്റ്റ് ഗ്രേഡ് എംപ്ലോയി | 2 |
| 15 | ലിഫ്റ്റ് ഓപ്പറേറ്റർ | 3 |
| 16 | ഡ്രൈവർ | 6 |
| 17 | വാച്ചർ / സെക്യൂരിറ്റി ഗാർഡ് | 10 |
| 18 | പമ്പ് ഓപ്പറേറ്റർ | 2 |
| 19 | പാർട്ട് ടൈം സ്വീപ്പർ | 13 |
| **ആകെ** | | **123** |